റൂറൽ ജില്ലയിൽ പിടികൂടി പോലീസ് കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുള്ള 1526 വാഹനങ്ങൾ ലേല നടപടികളിലേക്ക് .308 നാല് ചക്ര വാഹനങ്ങളും, 144. മുച്ചക്ര വാഹനങ്ങളും, 893 ഇരു ചക്ര വാഹനങ്ങളും, 181 സ്ക്രാപ്പും ആണുള്ളത്. കൂടുതൽ വാഹനങ്ങളുള്ളത് മുവാറ്റുപുഴയിൽ ആണ് 179. രണ്ടാമത് ഞാറക്കൽ 150. വാഹനങ്ങൾ ലേലം ചെയ്യാനുള്ള രണ്ടാം ഘട്ട നടപടിയിലേക്ക് കടക്കുകയാണ് എറണാകുളം റൂറൽ ജില്ലാ പോലീസ്. പോലീസ്, ജിയോളജി, റവന്യൂ, മോട്ടോർ വെഹിക്കിൾ തുടങ്ങി വിവിധ ഡിപ്പാർട്ട്മെന്റുകൾ പിടികൂടി സ്റ്റേഷനുകളിലും പരിസരത്തും, ക്യാമ്പുകളിലും കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളാണ് നടപടികൾ പൂർത്തിയാക്കി ലേലം ചെയ്യുന്നത്. രജിസ്ടേഡ് ഉടമസ്ഥർ നിയമ നടപടികൾ പൂർത്തിയാക്കി വാഹനം ഏറ്റെടുക്കുന്നില്ലെങ്കിൽ അത് വിസമ്മതമായി പരിഗണിച്ച് 56 കെ.പി ആക്ട് പ്രകാരം നടപടി സ്വീകരിക്കുമെന്ന് എസ്.പി വിവേക് കുമാർ പറഞ്ഞു.